(ബി) അതിവർഷാനുകൂല്യങ്ങൾക്ക് എത്ര അപേക്ഷകളും എത്ര കോടി രൂപയും കൊടുത്തുതീർക്കുവാനുണ്ട്;

(സി) വിവാഹധനസഹായത്തിനുള്ള എത്ര അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുവാനുണ്ട്; എത്ര രൂപ ടി ആനുകൂല്യങ്ങൾക്കായി വേണ്ടിവരും;

(ഡി) ആനുകൂല്യങ്ങൾ കൊടുത്തുതീർക്കുവാനുള്ളതിന്റെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2005 മേയ് 31-ന് 1,61,525 (ഒരു ലക്ഷത്തി അറുപത്തൊരായിരത്തി അഞ്ഞൂറ്റി ഇരുപത്തി അഞ്ച്) അപേക്ഷകൾ തീർപ്പ് കൽപ്പിക്കുവാനുണ്ട്.

(ബി)	അപേക്ഷകൾ	–	1,08,698
	കൊടുത്തുതീർക്കുവാനുള്ള തുക	–	60,21,88,000 രൂപ
(സി)	അപേക്ഷകൾ	–	51,173
	ആവശ്യമായ തുക	–	10,23,46,000 രൂപ

(ഡി) 31-5-2005 വരെയുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.†

കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ ആനുകൂല്യങ്ങൾ

59 [521] *ശ്രീ. കെ. പി. രാജേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) സംസ്ഥാന കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നാളിതുവരെ പേർ രജിസ്റ്റർ ചെയ്ത തൊഴിലാളികൾ എത്ര;

(ബി) ഇവരുടെ ജില്ലതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(സി) ഇവിടെനിന്ന് 60 വയസ്സ് തികഞ്ഞ് പിരിഞ്ഞുപോയ തൊഴിലാളികൾ എത്ര;

(ഡി) ഇപ്പോൾ കർഷക തൊഴിലാളി പെൻഷൻ ലഭിക്കുന്നവർ എത്ര;

(ഇ) ഇവർക്ക് പ്രതിമാസം നൽകുന്ന പെൻഷൻ തുക എത്ര;

(എഫ്) എത്ര മാസത്തെ പെൻഷൻ കുടിശ്ശിക നൽകാനുണ്ടെന്ന് അറിയിക്കാമോ;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ജി) 60 വയസ്സ് കഴിഞ്ഞ പിരിഞ്ഞുപോയ തൊഴിലാളികൾക്ക് നൽകേണ്ട 5000 രൂപയുടെ ആനുകൂല്യം നൽകുന്നതിൽ വീഴ്ചവരുത്തുന്നത് എന്തുകൊണ്ടാണ്;

(എച്ച്) ഈ ആനുകൂല്യം എത്ര പേർക്ക് നൽകാനുണ്ട് എന്നും ഇതിനായി വേണ്ടിവരുന്ന തുക എത്രയെന്നും കണക്കാക്കിയിട്ടുണ്ടോ;

(ഐ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾക്ക് നൽകുന്ന മറ്റ് ആനുകൂല്യങ്ങൾ എന്തൊക്കെയാണ്;

(ജെ) ക്ഷേമനിധി ബോർഡിലേക്ക് ഉടമകളിൽനിന്നും പിരിഞ്ഞുകിട്ടേണ്ട അംശദായ കുടിശ്ശിക എത്ര; ഇത് പിരിച്ചെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(കെ) ക്ഷേമനിധി നിർത്തലാക്കുന്നതിനോ ആനുകൂല്യങ്ങളിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്തുന്നതിനോ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 18,59,642 (പതിനെട്ട് ലക്ഷത്തി അൻപത്തി ഒൻപതിനായിരത്തി അറുനൂറ്റി നാൽപ്പത്തി രണ്ട്) പേർ 2005 മേയ് 31 വരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ക്ഷേമനിധിയിൽ ചേർന്നിട്ടുള്ള അംഗങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	..	1,39,600
കൊല്ലം	..	1,10,029
പത്തനംതിട്ട	..	77,971
ആലപ്പുഴ	..	1,40,823
കോട്ടയം	..	1,14,780
ഇടുക്കി	..	79,989
എറണാകുളം	..	1,45,293
തൃശ്ശൂർ	..	1,77,501
പാലക്കാട്	..	2,36,863
മലപ്പുറം	..	1,57,651
കോഴിക്കോട്	..	1,63,385
വയനാട്	..	1,15,525
കണ്ണൂർ	..	1,41,930
കാസർഗോഡ്	..	58,802
ആകെ		18,59,642

GPM. 2/573/2012—15

LIBRARY ARCHIVES Kerala Legislative Assembly

(സി) 2,14,735 (മരണപ്പെട്ട തൊഴിലാളികൾ ഉൾപ്പെടെ).

(ഡി) നിലവിലുള്ള കണക്കുപ്രകാരം 5,32,987 പേർക്ക് കർഷക തൊഴിലാളി പെൻഷൻ നൽകുന്നുണ്ട്.

(ഇ) ഒരാൾക്ക് പ്രതിമാസം 120 രൂപ.

(എഫ്) 30-6-2003 വരെയുള്ള പെൻഷൻ നൽകിയിട്ടുണ്ട്. 24 മാസത്തെ പെൻഷൻ കുടിശ്ശികയാണ്.

(ജി) ബോർഡിന്റെ സാമ്പത്തികനില മെച്ചമല്ലാത്തതിനാൽ ഈ ആനുകൂല്യം വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ട്.

(എച്ച്) 31-5-2005-ലെ കണക്കുപ്രകാരം 1,08,698 പേർക്ക് നൽകേണ്ടതുണ്ട്. ഇതിനായി 60,21,88,000 രൂപ ആവശ്യമായിവരും.

(ഐ) വിവാഹാനുകൂല്യം - 2000 രൂപ വീതം രണ്ട് തവണ

പ്രസവാനുകൂല്യം - 1000 രൂപ വീതം രണ്ട് തവണ

ചികിത്സാധനസഹായം - ഓരോ 5 കൊല്ലത്തിനും 1000 രൂപ വീതം.

എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ് - അംഗങ്ങളുടെ കുട്ടികൾക്ക് മെറിറ്റ് അടിസ്ഥാനത്തിൽ 1000, 750, 500 എന്നീ നിരക്കിൽ ക്യാഷ് അവാർഡ് നൽകുന്നു.

(ജെ) വ്യക്തമായ കണക്ക് ലഭ്യമല്ല. റവന്യു വകുപ്പ് ഭൂവുടമാവിഹിതം പിരിച്ച് ക്ഷേമനിധി ബോർഡിന് നൽകുകയാണ് ചെയ്യുന്നത്. ഭൂനികുതിയോടൊപ്പം ഇതും അടയ്ക്കണമെന്നതാണ് വ്യവസ്ഥ. ഭൂവുടമാവിഹിത പിരിവ് ഇപ്പോൾ മെച്ചപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഫലമായി കഴിഞ്ഞ സാമ്പത്തികവർഷം 1,54,33,439 രൂപ പിരിച്ചിട്ടുണ്ട്.

(കെ) ഉദ്ദേശിക്കുന്നില്ല.

കശുവണ്ടിത്തൊഴിലാളികളുടെ പെൻഷൻ കുടിശ്ശിക

60 [522] *ശ്രീ. എ. എ. അസീസ്:*

" *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമനിധിയിൽ എത്ര തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ എത്ര പേർക്ക് പെൻഷൻ നൽകുന്നുണ്ട് എന്നും എത്ര മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട് എന്നും വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly